## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :2034** **07.07.2015 ൽ മറുപടിയ്ക്ക്**

### സൺഷിഫ്റ്റ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ . സെൽവരാജ്<br>,, വി.ഡി.സതീശൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, എ.റ്റി.ജോർജ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) വൈദ്യുതി ബോർഡിന്റെ സൺഷിഫ്റ്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) സൗരോർജ്ജം ഉപയോഗിച്ച് ഉപഭോക്താക്കളുടെ രാത്രി കാലങ്ങളിലെ മൊത്തം വൈദ്യുതി ഉപഭോഗം കുറയ്ക്കുക. പീക്ക് ലോഡ് സമയത്തെ വൈദ്യുതിയുടെ ആവശ്യകത കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയ പദ്ധതിയാണ് സൺഷിഫ്റ്റ് പദ്ധതി. വീടുകളിൽ സാധാരണ ഉപയോഗിക്കുന്ന ഇൻവെർട്ടറിന് പകരം വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും വൈകുന്നേരത്തെ പീക്ക് സമയത്തെ ഉപഭോഗം നിയന്ത്രിക്കുന്നതിനും പ്രത്യേക സംവിധാനമുള്ള സോളാർ പവർ പാക്കുകൾ സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നത് മൂലം സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതി ഉപയോഗിച്ച് പകൽ സമയങ്ങളിൽ ഇൻവെർട്ടർ ബാറ്ററികൾ ചാർജ്ജ് ചെയ്യാനും പീക്ക് സമയത്ത് ഉപഭോക്താവിന്റെ വീട്ടിലെ വൈദ്യുതി ആവശ്യകതയുടെ ഒരു ഭാഗം ഇൻവെർട്ടറുകൾ വഴി ഉപയോഗിക്കുവാനും കഴിയുന്നു. |
| (സി) സൗരോർജ്ജത്തിൽ നിന്ന് വൈദ്യുതി ഉൽപാദനം പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (സി) ഈ പദ്ധതിയിലൂടെ കുറഞ്ഞ ചെലവിൽ സൗരോർജ്ജ ഉല്പാദനത്തിന് ഉപഭോക്താക്കൾക്ക് പങ്ക് ചേരാം. സോളാർ പവർ പാക്കുകൾ സ്ഥാപിച്ച ശേഷം കെ.എസ്.ഇ.ബി. എംപാനൽ ചെയ്ത സ്ഥാപനം വഴി അപേക്ഷിക്കുന്ന ആദ്യത്തെ 2750 അപേക്ഷകർക്ക് 5,000/- രൂപ സബ്സിഡിയായി അനെർട്ട് നല്കുന്നതാണ്. |

(ഡി) പദ്ധതി നടപ്പാക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(ഡി) പദ്ധതി നടപ്പാക്കുന്നതിനായി വൈദ്യുതി ബോർഡിന്റെ നിർദ്ദേശാനുസരണം പ്രത്യേകം രൂപ കല്പന ചെയ്ത സോളാർ ഇൻവെർട്ടറുകളുടെ ഗുണനിലവാര പരിശോധന നടത്തിയ ശേഷം 7 സ്ഥാപനങ്ങളെ ഉപഭോക്താക്കളുടെ വീടുകളിൽ സോളാർ ഇൻവെർട്ടറുകൾ സ്ഥാപിക്കാനായി എംപാനൽ ചെയ്തു. സോളാർ ഇൻവെർട്ടർ സ്ഥാപിച്ച ശേഷം അതാത് സ്ഥാപനം വഴി ആദ്യം അപേക്ഷിക്കുന്ന 2750 ഉപഭോക്താക്കൾക്ക് 5000/- രൂപ അനെർട്ട് വഴി സബ്സിഡി നല്കും.

**സെക്ഷൻ ഓഫീസർ**